**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4559** **10-08-2021 - ൽ മറുപടിയ്ക്ക്**

**പഠനം മുടങ്ങിയ ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പഠനം മുടങ്ങിയ ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി പഠനം പുനരാരംഭിക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (എ) | ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കി പഠനം പുനരാരംഭിയ്ക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു. 1. സമന്വയ തുടർവിദ്യാഭ്യാസ പദ്ധതി പാതി വഴിയിൽ വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടി വന്ന മുഴുവൻ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും തുടർ വിദ്യാഭ്യാസം സാധ്യമാക്കുന്നതിനായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി മുഖേന സർവ്വേ നടത്തുകയുണ്ടായി. ഇതിൻ പ്രകാരം തുല്യതാ പരീക്ഷ എഴുതുന്നതിന് സന്നദ്ധരായ 914 പേരെ കണ്ടെത്തുകയും അവർക്ക് തുടർ വിദ്യാഭ്യാസം നല്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുകയും ചെയ്യുന്നു. അദൃശ്യവൽക്കരിക്കപ്പെട്ടവരെ ദൃശ്യരാക്കി മാറ്റുവാൻ തുടർ വിദ്യാഭ്യാസത്തിലൂടെ അവസരമൊരുക്കുന്ന പ്രസ്തുത പദ്ധതി 'സമന്വയ' എന്ന പേരിൽ സാക്ഷരതാ മിഷൻ മുഖേനയാണ് നടപ്പിലാക്കി വരുന്നത്. അടിസ്ഥാന സാക്ഷരത, നാലാം തരം, ഏഴാം തരം, പത്താം തരം, പന്ത്രണ്ടാം തരം എന്നീ വിദ്യാഭ്യാസ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. പഠിതാക്കൾക്ക് സ്കോളർഷിപ്പും, താമസ സൗകര്യവും, തൊഴിൽ പരിശീലനവും ഇതോടൊപ്പം നടപ്പിലാക്കി വരുന്നു. വിദ്യാഭ്യാസത്തിലൂടെ മെച്ചപ്പെട്ട ജീവിത സാഹചര്യം സൃഷ്ടിക്കുവാനും അതിലൂടെ അവരെ പ്രാപ്തരാക്കാനുമാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതിയ്ക്കായി 35 ലക്ഷം രൂപ ആദ്യ ഘട്ടത്തിലും, സ്കോളർഷിപ്പ് അനുവദിക്കുന്നതിലേയ്ക്കായി അധികമായി ആവശ്യമായി വന്ന 10,71,000/-രൂപയും ചേർത്ത് ആകെ 45,71,000/- രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയ്ക്ക് കൈമാറിയിട്ടുണ്ട്. 2.ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ധനസഹായം വിദ്യാഭ്യാസപരമായി വളരെയയധികം പിന്നോക്കം നില്ക്കുന്ന വിഭാഗമെന്ന |

| | | | |
|---|---|---|---|
| | | | നിലയിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് കൂടുതൽ പരിഗണന നല്കേണ്ടതിന്റെ ആവശ്യകത ഏറെ കൂടുതലാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും അടിസ്ഥാന വിദ്യാഭ്യാസം പോലും പൂർത്തിയാക്കാൻ സാധിക്കാതെയുള്ള 58% ട്രാൻസ്ജെൻഡർ വ്യക്തികളാണുള്ളത് എന്നാണ് സർവ്വെ ഫലം സൂചിപ്പിക്കുന്നത്. സ്കൂളുകളിൽ/ കോളേജുകളിൽ പഠനം നടത്തി കൊണ്ടിരിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് നല്കുന്ന പദ്ധതി നിലവിൽ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം സ്കൂൾ തലം മുതൽ പ്രൊഫഷണൽ ഡിഗ്രി തലം വരെയുള്ള ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഈ ധനസഹായം ലഭിക്കുന്നതാണ്. സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപയും കോളേജ് വിദ്യാർത്ഥികൾക്ക് പ്രതിമാസം 2000 രൂപയുമാണ് സ്കോളർഷിപ്പ് തുക. കഴിഞ്ഞ സാമ്പത്തിക വർഷം സ്കോളർഷിപ്പ് ഇനത്തിൽ 24 പേർക്ക് 4,80,000 രൂപ ഫണ്ട് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ